മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: യു. പി. യിൽനിന്നും, ബോംബെയിൽനിന്നുമാണ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: മദ്രാസ്സിലൊഴികെ മറ്റു വല്ല രാജ്യങ്ങളിലും കൊടുക്കുന്നതായിട്ട് അറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: വേറെ കൊടുക്കുന്നില്ലെന്നാണ് എന്റെ അറിവ്.

മിസ്റ്റർ എം. കെ. തോമക്കുട്ടി: ഇതു് ഇറക്കുമതിചെയ്യുന്ന യു. പി., ബോംബെ മുതലായ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തിനു് ഹാനികരമായിത്തീർന്നിട്ടുണ്ടോ എന്നതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education):* I do not know whether the people of those countries have become immune to this by constant use, but it cannot be the case here in Cochin.

COCHIN HOUSE AT NEW DELHI—LETTING OF

110. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ.—

(എ) ഡെൽഹിയിലുള്ള കൊച്ചിൻ ഹൌസ്സ് ആർക്കെങ്കിലും വാടകക്കു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ്;

(സി) പ്രതിവർഷം എന്തു വാടകക്കാണ്;

(ഡി) എത്രകാലത്തേക്കാണ് കൊടുത്തിട്ടുള്ളതു;

(ഇ) മേൽപ്പറഞ്ഞതുപോലെ ചെയ്യണമെങ്കിൽ എന്താണു് വ്യവസ്ഥ;

(എഫ്) കൊച്ചി ഗവണ്മെന്റാവശ്യാർത്ഥം പോകുന്ന ഉദ്യോഗസ്ഥന്മാർക്കു ഡെൽഹിയിൽ ചെന്നാൽ അവിടെ താമസിക്കുന്നതിനു സൌകര്യമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉവ്.

(ബി) ഇൻറർ നാഷണൽ ലേബർ ഓഫീസ്സ് ഡയറക്ടർക്ക്.

(സി) 1,800 രൂ.

(ഡി) മൂന്നു കൊല്ലത്തേക്ക്.

(ഇ) വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല.

(എഫ്) കൊച്ചിൻ ഹൌസ്സിനോടു് അനുബന്ധിക്കുന്ന വേറെ ഒരു കെട്ടിടത്തിൽ താമസസൌകര്യമുണ്ട്.

DIGGING OF WELLS—INFORMATION REGARDING

111. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെന്റു് സദയം മറുപടി പറയുമോ. —

അധഃകൃത വകുപ്പിൽനിന്നു് ഇക്കൊല്ലം പുതിയ കിണറുകൾ കഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റുവഴിയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽനിന്നും മാറിയായിട്ടു നടത്തുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു് അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ലാപ്സ്സായി പോയിട്ടുള്ളതു് ഗവണ്മെന്റിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പോയിട്ടുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: കിണറുകൾ കഴിപ്പിക്കാത്തതായിട്ടുള്ള സ്ഥലങ്ങൾ ഏവിടെയാണെന്നുള്ളതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ വക പണികൾ അധഃകൃതഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ നേരിട്ടു നടത്തിക്കുവാൻ സാധിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly